LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കേണ്ടതിന് സുപ്രധാന പങ്കാളിത്തം പി.ടി.എ., എസ്.എം.സി., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവർക്കും കൂടിയാണെന്നതിനാൽ ഇവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിവിധ കർമ്മപദ്ധതികൾക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് ഇവരുടെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തിനായുള്ള ധനകാര്യ ഉദ്ഗ്രഥനത്തിലും പദ്ധതി നടത്തിപ്പിലും മേൽ വിഭാഗങ്ങളുടെ പൂർണ്ണ സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിന് 8-12-2016-ലെ സർക്കാർ ഉത്തരവ് 202/2016/പൊ.വി.വ. പ്രകാരം വിവിധ കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതിയുടെ വിവിധ ഘട്ടങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിലയിരുത്തുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരും സംസ്ഥാന-ജില്ലാതല മിഷനുകളും പുരോഗതി വിലയിരുത്തുന്നുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി**

164 (5028) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2017 ജനവരി 27-ന് സംസ്ഥാനതല ഉത്ഘാടനം നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ഇപ്പോൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പാതി വഴിയിലായി മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതിനെ പുനരുജ്ജീവിപ്പിയ്ക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2017 ജനവരി 27-ന് സംസ്ഥാനതല ഉദ്ഘാടനം നടത്തിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ മികവിന്റെ കേന്ദ്രങ്ങളായി

ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യിൽനിന്നുള്ള ധനസഹായത്തിനായി KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മികച്ച അദ്ധ്യയന നിലവാരം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന കാഴ്ചപ്പാടിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സജ്ജമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി & സി) പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപക ശാക്തീകരണത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികൾ മദ്ധ്യവേനലവധി കാലത്ത് നടന്നുവരുന്നു. 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി 'ക്യാമ്പസ് തന്നെ പുസ്തകം' എന്ന ആശയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 'ജൈവവൈവിദ്ധ്യ ഉദ്യാനം സ്കൂളുകളിൽ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. പദ്ധതി മുന്നോട്ടുള്ള പ്രയാണത്തിലായതിനാൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ് എന്ന പ്രസ്താവന അപ്രസക്തമാണ്.

**വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം**

165 (5029) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക് വിഷയത്തിന് മറ്റ് വിഷയങ്ങളെ അപേക്ഷിച്ച് വിജയശതമാനം കുറവാണെന്ന സ്ഥിതിവിവര കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly